LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് ജീവനക്കാർക്ക് എൻ.ആർ.എ. എടുക്കുന്നതിനുള്ള സർവ്വീസ് ദൈർഘ്യം

128 (4563) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ജീവനക്കാർക്ക് എൻ.ആർ.എ. എടുക്കുന്നതിനുള്ള സർവ്വീസ്ദൈർഘ്യം 15 വർഷമായി ക്രമപ്പെടുത്തുന്നതിന് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) 1997-ലെ ശമ്പള പരിഷ്കരണത്തെ തുടർന്ന് മറ്റു ജീവനക്കാർക്ക് നൽകിയ പ്രസ്തുത ആനുകൂല്യം പഞ്ചായത്ത് ജീവനക്കാർക്ക് നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ ?

ഉത്തരം

(എ&ബി) കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നഗരമാലിന്യങ്ങൾ നീക്കംചെയ്ത താൽക്കാലിക ജീവനക്കാർക്ക് പുനർനിയമനം

129 (4564) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :-

(എ) 2002 ഫെബ്രുവരി മാസത്തിൽ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ അനിശ്ചിതകാല പണിമുടക്ക് സമരകാലത്ത് തിരുവനന്തപുരം നഗരസഭ നഗരത്തിലെ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് നിയമിച്ച ദിവസക്കൂലിക്കാരായ തൊഴിലാളികളെ പണിമുടക്കു സമരം തീർന്നതിനുശേഷം ജോലിയിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ഉള്ള നിയമനത്തിൽ മുൻഗണന നൽകുമെന്ന് നഗരസഭ അധികാരികൾ വാഗ്ദാനം നൽകിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(സി) നഗരശുചീകരണം കാര്യക്ഷമമായി നടത്തുന്നതിന് ജീവനക്കാർ അപര്യാപ്തമാണെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) നഗരമാലിന്യങ്ങൾ ത്വരിതഗതിയിൽ നീക്കംചെയ്ത് പകർച്ച വ്യാധികൾ തടയുന്നതിനായി നഗരസഭയ്ക്ക് കീഴിൽ താൽക്കാലിക ജോലി ചെയ്തിരുന്ന മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവരെ മുൻഗണനാക്രമത്തിൽ ജോലി നൽകി സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?